## കൈത്താങ്ങ്

മലയാളം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങൾ വായിക്കാനും എഴുതാനും അറിയാത്ത കുട്ടികളെ കണ്ടെത്തി ലിസ്റ്റ് ചെയ്യുകയും പ്രത്യേക പരിശീലന പരിപാടികൾ ഓരോ ദിവസവും ഉച്ചഭക്ഷണത്തിനു ശേഷമുള്ള ഫ്രീ ടൈമിൽ നടത്താനും തീരുമാനിച്ചു.ഓരോ മാസവും പ്രത്യേക മോണിറ്ററിംഗ് നടത്താനും തീരുമാനിച്ചു.

## ഗൃഹസന്ദർശനം

കുട്ടികളുടെ ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കാനും കുട്ടികളെ കൂടുതൽ അറിയാനുമായി അധ്യാപകർ കുട്ടികളുടെ വീടുകൾ സന്ദർശിച്ചു വരുന്നു.

## ഉച്ചഭക്ഷണ പദ്ധതി

_പോഷകസമൃദ്ധമായ വിഭവങ്ങൾ നൽകി ഉച്ച ഭക്ഷണവിതരണം ഭംഗിയായി നടത്തുന്നു. കുട്ടികളുടെ ഹാജർ നില ഉറപ്പുവരുത്തുന്നതിനായി പ്രദേശത്തെ കോളനികൾ ഇടയ്ക്കിടെ സന്ദർശിച്ച ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. മാനേജ്മെന്റ്, പിടിഎ, SSG യും ചേർന്ന് സ്കൂളിന്റെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് എല്ലാ സഹായവും നൽകി വരുന്നു.

## ക്ലാസ് ലൈബ്രറി വീട്ടിൽ ഒരു വായനശാല

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും വായനയെ പരിപോഷിപ്പിക്കുന്നതിനും ആയി സർക്കാർ ,സന്നദ്ധ സംഘടനകൾ, വ്യക്തികൾ ,കുട്ടികൾ എന്നിവരിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ക്രമീകരിച്ചിട്ടുണ്ട് .കൂടാതെ എല്ലാ കുട്ടികളും വീട്ടിൽ ഒരു വായനശാല ക്രമീകരിച്ചിട്ടുണ്ട്.

## ഹലോ ഇംഗ്ലീഷ്

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഹലോ ഇംഗ്ലീഷ് പരിപാടി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇംഗ്ലീഷ് ബോർഡ്, ഇംഗ്ലീഷ് ഫെസ്റ്റ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷനായി മാറ്റിവയ്ക്കാനും ഇംഗ്ലീഷിൽ സംസാരിക്കാനും അധ്യാപകരും കുട്ടികളും തീരുമാനിച്ചിരിക്കുന്നു.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

നല്ല പാഠം സോഷ്യൽ സയൻസ് ഗണിതം ശാസ്ത്രം സീഡ് വിദ്യാരംഗം ഭാഷാ ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകൾ കുട്ടികൾക്കായി സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. അധ്യാപകരും കുട്ടികളും ചേർന്ന് വളരെ നല്ല രീതിയിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

:ഗോത്ര സാരഥി പദ്ധതി സ്കൂളിൽ നടന്നുവരുന്നു .നാലു വാഹനങ്ങളിലായി കോളനികളിൽ നിന്നും കുട്ടികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി വരുന്നു.

: വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ലഭിച്ച ലാപ്ടോപ്പുകൾ കമ്പ്യൂട്ടർ പിരീഡുകളിൽ കുട്ടികൾ ഉപയോഗിച്ച് വരുന്നു.

: രണ്ട് സ്കൂൾ ബസ്സുകൾ പ്രവർത്തനം തുടർന്നു വരുന്നു.

## അക്കാദമിക്ക് ആസൂത്രണം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണല്ലോ. ഈ വിദ്യാലയത്തിന്റെ പരിധിയിലുള്ള മുഴുവൻ കോളനികളും സന്ദർശിച്ച എല്ലാ കുട്ടികളും വിദ്യാലയത്തിൽ എത്തി എന്ന് ഉറപ്പുവരുത്തി, ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് പ്രായത്തിനും നിലവാരത്തിനും അനുസരിച്ചുള്ള പഠനമുന്നേറ്റത്തിനുള്ള അവസരങ്ങൾ നൽകാൻ ശ്രമിച്ചുവരുന്നു.

## ഔഷധ ഉദ്യാനം ജൈവവൈവിധ്യ പാർക്ക്

ക്ലബ്ബുകളുടെ നേതൃത്വത്തിൽ കുട്ടികളുടെയും അധ്യാപകരെയും രക്ഷിതാക്കളുടെയും സഹായത്തോടെ സ്കൂൾ പരിസരത്ത് ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ ഒരുക്കിയിട്ടുണ്ട്. പച്ചക്കറികൾ വിളവെടുത്ത് ഉച്ചഭക്ഷണത്തിനായി ഉപയോഗിച്ചുവരുന്നു.

പ്രീ പ്രൈമറി അടക്കം 513കുട്ടികൾ ഈ വർഷം ഈ വിദ്യാലയത്തിൽ അധ്യായനം നടത്തുന്നു .നല്ലപാഠം ,സീഡ് ,വിദ്യാരംഗം ,ജാഗ്രതാസമിതി ,റോഡുസുരക്ഷാ , ഹലോ ഇംഗ്ലീഷ് ,ഹെൽത്ത് , പരിസ്ഥിതി, ശാസ്ത്ര -സാമൂഹ്യശാസ്ത്രം ക്ലബ്ബ്, ഗണിത ക്ലബ്ബ്, വിദ്യാരംഗം തുടങ്ങിയ വിവിധ ക്ലബ്ബുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

## മികവുകൾ

: ഹൈടെക് പാചകപ്പുര നിർമ്മാണം പൂർത്തിയാക്കി

: ഏഴ് കുട്ടികൾ എൽഎസ്എസ് സ്കോളർഷിപ്പ് കരസ്ഥമാക്കി.

: എല്ലാ ക്ലാസ് റൂമിലും ടൈൽ,ലൈറ്റ്, ഫാൻ, വൈറ്റ് ബോർഡ്, പ്രൊജക്ടർ, സൗണ്ട് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

: സ്കൂൾ ലൈബ്രറി വിപുലീകരിച്ചു.ഓരോ ക്ലാസിലും ക്ലാസ്സ് ലൈബ്രറി ഒരുക്കി.

:വീട്ടിൽ ഒരു വായനാശാല സജ്ജമാക്കി.

: പാഠ്യേതര വിഷയങ്ങളുടെ ഭാഗമായി കുട്ടികൾക്കായി കരാട്ടെ, ഡാൻസ്, അബാക്കസ് പരിശീലനങ്ങൾ ആഴ്ചയിൽ ഒരു ദിവസം നടത്തുന്നു.

: പാർക്കിന് ചുറ്റുവേലിയും നടപ്പാതയും നിർമ്മിച്ചു.

:വിദ്യാലയ അങ്കണത്തിൽ പൂന്തോട്ടം നിർമ്മിച്ചു.

: ക്ലാസ് റൂമുകൾ പെയിന്റ് അടിച്ച് നവീകരിച്ചു.

: കമ്പ്യൂട്ടർ ലാബ് നവീകരിച്ചു.

# സെന്റ് തോമസ് എൽപി സ്കൂൾ നടവയൽ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ആമുഖം

1950 ജൂലൈ മാസം പത്താം തീയതി 61 കുട്ടികളെയും അധ്യാപകനായ വെങ്കിട്ട രാമനെയും സാക്ഷിനിർത്തി ബഹുമാനപ്പെട്ട നമ്പ്യത്ത് അച്ചൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്ത ഒരു കൊച്ചു വിദ്യാലയം ഇന്ന് പേരും പെരുമയും ആർജ്ജിച്ച നടവയലിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു.ഈ വിദ്യാലയത്തിന്റെ തുടക്കം ഒരു ഓലമേഞ്ഞ ഷെഡ്ഡിലായിരുന്നു. ആർ സി എൽ പി സ്കൂൾ എന്ന പേരിൽ അറിയപ്പെട്ട ഈ വിദ്യാലയം പിന്നീട് അഞ്ചാം ക്ലാസ് വരെയുള്ള ഒരു പൂർണ്ണ എലിമെന്ററി സ്കൂൾ എന്ന് അംഗീകാരം നേടി. 1957 ഹൈസ്കൂൾ സ്ഥാപിതമായതോടെ യുപി വിഭാഗം ഹൈസ്കൂളിനോട് ചേരുകയും സെന്റ് തോമസ് എൽപി സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം നിലവിൽ വരികയും ചെയ്തു.

2025 26 അധ്യായന വർഷത്തിൽ ഒന്നുമുതൽ നാലു വരെ ക്ലാസ്സിലായി- 421 കുട്ടികൾ പഠിക്കുന്നുണ്ട്.16 അധ്യാപകർ സേവനം ചെയ്യുന്നു .2009-ൽ ആരംഭിച്ച പ്രീപ്രൈമറിയിൽ ഈ വർഷം 92 കുട്ടികൾ പഠിക്കുന്നുണ്ട് .നാല് അധ്യാപകരും ഒരു ഹെൽപ്പറും ഈ വിദ്യാലയത്തിൽ സേവനം ചെയ്തു വരുന്നു.

# സെന്റ് തോമസ് എൽപി

## സ്കൂൾ നടവയൽ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

# സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26